

**കെ. പി. എ. മജീദ്**

(ഐ.യു.എം.എൽ. – തിരൂരങ്ങാടി)

ശ്രീ. അഹമ്മദിന്റെയും ശ്രീമതി കതീജയുടെയും മകനായി 1949 ജൂലൈ 15-ാം തീയതി മലപ്പുറം ജില്ലയിലെ വറ്റല്ലൂർ എന്ന സ്ഥലത്ത് ജനിച്ചു; പി.ഡി.സി., ജെ.ഡി.സി.; സാമൂഹ്യ പ്രവർത്തകൻ.

**വഹിച്ച സ്ഥാനങ്ങൾ**

എം.എസ്.എഫ്: പെരിന്തൽമണ്ണ താലൂക്ക് പ്രസിഡന്റ് (1967–1969), മലപ്പുറം ജില്ലാ ട്രഷറർ (1970–1972).

മുസ്ലീം യൂത്ത് ലീഗ്: പെരിന്തൽമണ്ണ താലൂക്ക് ജനറൽ സെക്രട്ടറി (1973–1975), മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി (1977–1979), സംസ്ഥാന ജനറൽ സെക്രട്ടറി (1979–1988).

മുസ്ലീം ലീഗ് മലപ്പുറം ജില്ലാ ജനറൽ സെക്രട്ടറി (1989–2010).

കോഴിക്കോട് സർവ്വകലാശാല സെനറ്റ് അംഗം.

കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് ഓർഗനൈസേഷൻ, മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എംപ്ലോയീസ് അസോസിയേഷൻ, കെ.എസ്.ഇ.ബി. എംപ്ലോയീസ് ഓർഗനൈസേഷൻ എന്നിവയുടെ പ്രസിഡന്റ്,

മുനിസിപ്പൽ എംപ്ലോയീസ് ഓർഗനൈസേഷൻ, കേരള എഡ്യുക്കേഷൻ, സോഷ്യൽ & കൾച്ചറൽ ഓർഗനൈസേഷൻ എന്നിവയുടെ സംസ്ഥാന സെക്രട്ടറി.

കുറുവ ഗ്രാമപഞ്ചായത്ത്, കെ.എസ്.ആർ.ടി.സി. ഉപദേശക സമിതി എന്നിവയിൽ അംഗം.

മക്കരപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് ക്ലർക്ക്.

9-ാം കേരള നിയമസഭയിലെ ചീഫ് വിപ്പ് (1992–1996)

നിലവിൽ, മുസ്ലീം ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി (2011 മുതൽ), കേരള നിയമസഭയുടെ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി ചെയർമാൻ (2021 മുതൽ).

മങ്കട നിയോജകമണ്ഡലത്തിൽ നിന്നും 1980-ൽ ആറ്, 1982-ൽ ഏഴ്, 1987-ൽ എട്ട്, 1991-ൽ ഒമ്പത്, 1996-ൽ പത്ത് എന്നീ കേരള നിയമസഭകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| അറിയാവുന്ന ഭാഷകൾ | : | മലയാളം, ഉർദു, അറബിക്, ഇംഗ്ലീഷ് |
| ഭാര്യ | : | ശ്രീമതി ടി. പി. കുഞ്ഞീമ |
| കുട്ടികൾ | : | ശ്രീമതി ഷജ്ന, ശ്രീമതി റജ്ന<br>ശ്രീമതി സബ്ന, ശ്രീമതി റുബീന |
| സന്ദർശിച്ച വിദേശ രാജ്യങ്ങൾ | : | യു.എ.ഇ., മലേഷ്യ, പാലസ്തീൻ, ജോർദ്ദാൻ, ഇസ്രായേൽ, യു.എസ്.എ., ഈജിപ്ത് |
| ശീലങ്ങൾ | : | വായന, നടത്തം |
| വിനോദം | : | ഫുട്ബോൾ |
| സ്ഥിരമേൽവിലാസം | : | കരുവള്ളിപാത്തിക്കൽ ഹൗസ്,<br>പടപറമ്പ്,<br>വറ്റല്ലൂർ പി.ഒ.,<br>മലപ്പുറം-676 507. |
| ഇ-മെയിൽ | : | kpamajeedmlatirurangadi@gmail.com |
| **ടെലിഫോൺ നമ്പർ** | | |
| ഓഫീസ് | : | 0471-2512333 |
| മൊബൈൽ | : | 94471 09014 |
| **തെരഞ്ഞെടുപ്പ് ഫലം** | | |
| സമ്മതിദായകർ | : | 1,97,158 |
| വോട്ടു ചെയ്തവർ | : | 1,47,771 |
| ശ്രീ. കെ. പി. എ. മജീദ് (ഐ.യു.എം.എൽ.) | : | 73,499 |
| ശ്രീ. നിയാസ് പുളിക്കലകത്ത് (സ്വതന്ത്രൻ) | : | 63,921 |
| ശ്രീ. കള്ളിയത്ത് സത്താർ ഹാജി (ബി.ജെ.പി.) | : | 8,314 |